മാതൃഭൂമി
02 March 2019

# കടമക്കുടി പഞ്ചായത്തിൽ കൂടുമത്സ്യ കൃഷി

## സഹായത്തിന് സി.എം.എഫ്.ആർ.ഐ.

**കൊച്ചി** ▸ കടമക്കുടി പഞ്ചായത്തിൽ കൂടുമത്സ്യ കൃഷിയിലൂടെ ചെറുകിട സംരംഭകരാകാൻ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം പരിശീലനം നൽകുന്നു. കോരാമ്പാടം സഹകരണ ബാങ്കിന്റെ പിന്തുണയോടെയാണിത് നടപ്പാക്കുന്നത്.

പ്രാഥമിക ഘട്ടത്തിൽ പഞ്ചായത്തിലെ 114 പേർക്ക് കൂടുമത്സ്യ കൃഷി ചെയ്യുന്നതിന് പരിശീലനം നൽകി. കൂടുനിർമാണം, കൃഷി ചെയ്യുന്നതിനുള്ള സ്ഥലനിർണയം, സാമ്പത്തിക ആസൂത്രണം, യോജിച്ച മത്സ്യക്കുഞ്ഞുങ്ങളെ കണ്ടെത്തൽ, പരിപാലനം, തീറ്റ നൽകൽ, വിളവെടുപ്പ്, വിപണനം തുടങ്ങിയ മേഖലകളിൽ മൂന്നുദിവസത്തെ പരിശീലനമാണ് നൽകിയത്.

നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ സഹായത്തോടെ സി.എം.എഫ്.ആർ.ഐ. പരിശീലനം ലഭിച്ചവരിൽ കൂടുമത്സ്യ കൃഷി തുടങ്ങുന്നവർക്ക് കുറഞ്ഞ പലിശയിൽ കോരമ്പാടം സഹകരണ ബാങ്ക് വായ്പ നൽകും. കൃഷിയുടെ തുടക്കം മുതൽ വിളവെടുപ്പ് വരെ സി.എം.എഫ്.ആർ.ഐ.യുടെ സാങ്കേതിക സഹായവും കർഷകർക്ക് ലഭിക്കും.

മോദ, കരിമീൻ, കാളാഞ്ചി, ചെമ്പല്ലി തുടങ്ങിയ മീനുകളാണ് കൂടുകൃഷി ചെയ്യാൻ ഉപയോഗിക്കുക. ആഭ്യന്തര മത്സ്യോത്പാദനം ഉയർത്താനും തീരദേശ നിവാസികൾക്ക് അധികവരുമാനം നേടാനും കൂടുമത്സ്യ വഴിയൊരുക്കുമെന്ന് സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു. വിളവെടുക്കുന്ന മത്സ്യങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി വിൽപ്പന നടത്തുന്നതിനും കർഷകർക്ക് സാഹചര്യമൊരുക്കും.